"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- റീബിൽഡ് കേരള ഇനീഷ്യേറ്റീവ്- പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്- ശ്രീ. സുരേഷ് ബാബു, ക്ലാർക്ക്- അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.446/2025/LSGD തീയതി,തിരുവനന്തപുരം, 12-02-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 2426/2022/LSGD തീയതി 07.10.2022
2. സ.ഉ.(സാധാ) 2098/2023/LSGD തീയതി 27/10/2023
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.10.2024 ലെ - LSGD/PD/34993/2024-DEC4 നമ്പർ കത്ത്
4. പിഎംയു ആർകെഐ പ്രോജക്ട് ഡയറക്ടറുടെ 09.10.2024 ലെ A1/336/2020IPMULSGD നമ്പർ കത്ത്
5. പിഎംയു ആർകെഐ പ്രോജക്ട് ഡയറക്ടറുടെ 18.12.2024 ലെ E1/65/2020/PMULSGD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം(1) ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രവൃത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ അന്യത്ര സേവന വ്യവസ്ഥയിൽ ക്ലാർക്കായി നിയമനം നൽകിയിട്ടുള്ള ശ്രീ. സുരേഷ് ബാബു. എസിന്റെ (കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് ) സേവന കാലാവധി പരാമർശം(2) ഉത്തരവ് പ്രാകരം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുനൽകിയിരുന്നു.

ടി ജീവനക്കാരന്റെ അന്യത്ര സേവന കാലാവധി 11.10.2024 ൽ അവസാനിച്ച സാഹചര്യത്തിൽ, ആയത് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം(3) ലെ നിരാക്ഷേപ പത്രം സഹിതം പ്രോജക്ട് ഡയറക്ടർ പരാമർശം(4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

എന്നാൽ ശ്രീ. സുരേഷ് ബാബു. എസിന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് മലപ്പുറം മുനിസിപ്പാലിറ്റിയിൽ നിയമനം നൽകിട്ടുള്ളതിനാൽ ടിയാനെ പിഎംയു വിലെ ചുമതലകളിൽ നിന്നും 18.12.2024 അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുണ്ടെന്ന് പിഎംയു പ്രോജക്ട്

ഡയറക്ടർ പരാമർശം(5) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആർ. കെ.ഐ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ക്ലാർക്കായ ശ്രീ. സുരേഷ് ബാബു. എസിന്റെ സേവന കാലാവധി അന്യത്ര സേവന വ്യവസ്ഥയുമായി ബന്ധപ്പെട്ട നിലവിലെ നിയമങ്ങൾക്കു വിധേയമായി 12.10.2024 മുതൽ 18.12.2024 വരെ മാത്രം ദീർഘിപ്പിച്ചു നൽകിയതായി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രോജക്ട് ഡയറക്ടർ, പിഎംയു ആർകെഐ
ശ്രീ. സുരേഷ് ബാബു. എസ്, ക്ലാർക്ക്, പിഎംയു ആർകെഐ
ആസൂത്രണ സാമ്പത്തികകാര്യ(ആർകെഐ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 13-02-2025 10:44:44